MONDAY

തിങ്കളാഴ്ച

27/10/2025

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. KS** **Editor : Dr. V. Krishnadas**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/10/2025

1. ജൈവ കർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് – 2025 ലേക്ക് അപേക്ഷ ക്ഷണിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സരോജിനി – ദാമോദരൻ ഫൗണ്ടേഷന്റെ സാരഥിയും, ഇൻഫോസിസിൻറെ സ്ഥാപകരിൽ ഒരാളുമായ ശ്രീ ഷിബുലാലും കുടുംബവുമാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ അക്ഷയശ്രീ അവാർഡ് നൽകിവരുന്നത്. 17–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/– രൂപാ വീതമുള്ള 14 അവാർഡുകളും, മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ മികച്ച രീതിയിൽ ജൈവകൃഷി ചെയ്യുന്നവർക്ക് 10,000/– രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിലധികമായി പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണമായ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460.

2. ഇടുക്കി ജില്ലയിലെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാൻ അവസരം. പഞ്ചായത്ത് തല മൃഗാശുപത്രികളുമായും, വെറ്ററിനറി സബ്സെന്ററുകളുമായും ബന്ധപ്പെട്ട് അപേക്ഷകൾ സമർപ്പിക്കാം. സ്വന്തമായി ഭൂമിയുള്ളവർക്കും പാട്ടത്തിന് കൃഷി ചെയ്യുന്നവർക്കും അപേക്ഷിക്കാം. മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജില്ലയിൽ കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിന് ഊർജ്ജിത യജ്ഞം ഒക്ടോബർ 31 വരെ നടക്കും. എല്ലാ കർഷകരും ഈ അവസരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. പൂരിപ്പിച്ച അപേക്ഷ ഫോമിനൊപ്പം തിരിച്ചറിയൽ രേഖ (വോട്ടേഴ്സ് ഐ.ഡി/പാൻ കാർഡ്/ആധാർ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് മുതലായവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്), സ്ഥിരതാമസ രേഖ (2 മാസത്തിൽ താഴെ പഴക്കമുള്ള ഫോൺ ബിൽ/കരം രസീത്/വൈദ്യുതി ബിൽ/വോട്ടേഴ്സ് ഐ.ഡി/പാസ്പോർട്ട്/ആധാർ കാർഡ്/സർക്കാർ വകുപ്പുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന സർട്ടിഫിക്കറ്റ്), ആറ് മാസത്തിനുള്ളിൽ എടുത്ത 2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ സഹിതം അപേക്ഷ നൽകണം.

3. 2025-ൽ മഴവെള്ള സംരക്ഷണവും സ്പ്രേയിംഗും നടത്തുന്ന റബ്ബർ തോട്ടങ്ങൾക്ക് റബ്ബർ ബോർഡിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ഒക്ടോബർ 31 വരെ നീട്ടിയിരിക്കുന്നു. ഇതുവരെ അപേക്ഷ സമർപ്പിക്കാത്ത റബ്ബർ ഉത്പാദക സംഘങ്ങൾ നീട്ടിയ കാലയളവിനുള്ളിൽ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന്

അറിയിക്കുന്നു. ഏതെങ്കിലും സഹായത്തിന്, RPS-കൾക്ക് അടുത്തുള്ള റബ്ബർ ബോർഡ് റീജിയണൽ ഓഫീസ്/ഫീൽഡ് സ്റ്റേഷനുകളുമായി ബന്ധപ്പെടാം അല്ലെങ്കിൽ റബ്ബർ ബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കാം.

## പരിശീലന പരിപാടി

4. കേരള ഫിഷറീസ് സർവകലാശാലയിൽ രണ്ട് ദിവസത്തെ **ഞണ്ട് കൃഷി പരിശീലന പരിപാടി** നവംബർ 8 & 9 തീയതികളിൽ കേരള സർവകലാശാലയിലും മത്സ്യ സേവന കേന്ദ്രത്തിലുമായി നടക്കുന്നു. വിശദ വിവരങ്ങൾക്ക് വാട്സാപ്പ് നമ്പർ 9544553253.

5. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം 27, 28 തീയതികളിൽ ഇറച്ചി കോഴി വളർത്തൽ 30ന് എരുമ വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

6. **കാർഷിക നിർദേശം**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാവ് പൂത്ത് തുടങ്ങുന്ന സമയമാണിത്. പൂങ്കുലയിൽ നിന്നും ഇളം തണ്ടിൽ നിന്നും നീരൂറ്റി കുടിക്കുന്ന തുള്ളൻ പ്രാണികളുടെ ആക്രമണത്തിൽ പൂങ്കുലകൾ കരിയുന്നതിനും കണ്ണിമാങ്ങ ക്രമാതീതമായി പൊഴിയുന്നതിനും സാധ്യതയുണ്ട്. ഇതിനെതിരെ മാലത്തയോൺ 2 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ കലർത്തി 20 ഗ്രാം പഞ്ചസാര ചേർത്ത് തളിക്കേണ്ടതാണ്. മാവ് പൂത്ത് കായ് പിടിച്ചു തുടങ്ങുമ്പോൾ മുതൽ മീഥൈൽ യൂജിനോൾ അടങ്ങിയ കായീച്ചക്കെണി വയ്ക്കുക. ഈ കെണി ഉപയോഗിച്ച് ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/ തുളസിയില തുടങ്ങിയവ ഉപയോഗിച്ചുള്ള ചിരട്ട കെണി കളും കെട്ടിത്തൂക്കുന്നത് കൂടുതൽ ഗുണം ചെയ്യും. ഒരേക്കർ മാവിൻ തോട്ടത്തിന് 5 അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമ ത്തിൽ കെണികൾ വെച്ചു കൊടുക്കേണ്ടതാണ്. ഒരു സീസൺ (3-4 മാസം) മുഴുവൻ ഈ കായീച്ചക്കെണി ഫലപ്രദമായിരിക്കും.